200 (1804) കായികതാരങ്ങൾക്ക് ജോലി നൽകുന്ന പദ്ധതി

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ കായികതാരങ്ങൾക്ക് ജോലി നൽകുന്ന പദ്ധതി എന്നാണ് ആരംഭിച്ചത്;

(ബി) ഈ പദ്ധതി അനുസരിച്ച് ഇതുവരെ എത്രപേർക്ക് നിയമനം നൽകി;

(സി) ഈ പദ്ധതി അനുസരിച്ച് അപേക്ഷ നൽകിയ എത്രപേർക്ക് ഇനി നിയമനം നൽകാനുണ്ട്;

(ഡി) ഇവർക്ക് നിയമനം നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി 4.5.1985-ന് ആരംഭിച്ചു.

(ബി) 122 പേർക്ക് ജോലി നൽകിയിട്ടുണ്ട്.

(സി)&(ഡി) 1992 മുതൽ 1996 വരെയുള്ള 100 ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് 25.11.1998-ൽ സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനത്തെ തുടർന്ന് ലഭിച്ച അപേക്ഷകളിന്മേലുള്ള അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

†(3) 27.12.1999-ലേക്ക് നിശ്ചയിച്ചിരുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ

201 (267) തൊഴിൽനികുതി വർദ്ധനവ്

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുശേഷം തൊഴിൽനികുതിയിൽ വന്ന വർദ്ധനവ് എത്ര ശതമാനമാണ്; വിശദമാക്കുമോ;

(ബി) തൊഴിൽനികുതി ഉദ്ദേശ്യം പത്തിരട്ടിയോളം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ശമ്പളവർദ്ധനവ് വരുത്തിയപ്പോൾ ഗവൺമെന്റ് ക്വാർട്ടേഴ്സുകളിൽ താമസിക്കുന്നവർക്ക് നൽകേണ്ട വാടകയുടെ ശതമാനം കുറച്ചിട്ടുണ്ടോ; എങ്കിൽ തൊഴിൽ നികുതിയിലുണ്ടായ വർദ്ധനവിനും കുറവു വരുത്താൻ നടപടി സ്വീകരിക്കുമോ;

---

†അന്തരിച്ച മുൻ രാഷ്ട്രപതി ശങ്കർദയാൽശർമ്മയോടുള്ള ആദരസൂചകമായി 27.12.1999-ന് നടപടികളിലേക്ക് കടക്കാതെ സഭ പിരിഞ്ഞതിനാൽ അന്നേക്ക് നിശ്ചയിച്ചിരുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ നക്ഷത്രചിഹ്നമിടാത്ത ഉത്തരങ്ങൾ എന്ന നിലയിൽ ചേർത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly